LIBRARY ARCHIVES Kerala Legislative Assembly

അലങ്കാര മത്സ്യക്കൃഷി

124 [1842] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തർദ്ദേശീയ അലങ്കാര മത്സ്യ പ്രദർശനം എല്ലാ വർഷവും നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞകാല പ്രദർശനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) അന്തർദ്ദേശീയ അലങ്കാര മത്സ്യ പ്രദർശനം രണ്ട് വർഷത്തിലൊരിക്കലാണ് നടത്തുന്നത്. 2006 ഫെബ്രുവരി മാസത്തിൽ അടുത്ത പ്രദർശനം കൊച്ചിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. കഴിഞ്ഞകാല പ്രദർശനം വിലയിരുത്തിയതിൽ നിന്നും പ്രദർശനം വിജയമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രദർശനംമൂലം കൂടുതൽ ആൾക്കാർ അലങ്കാര മത്സ്യക്കൃഷി/വിപണനരംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്.

അലങ്കാര മത്സ്യക്കൃഷിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ നടപടി

125 [1843] ശ്രീ. റോഷി അഗസ്റ്റിൻ :

" കെ. നാരായണക്കുറുപ്പ് :

" തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അലങ്കാര മത്സ്യക്കൃഷിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നകാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

അലങ്കാര മത്സ്യക്കൃഷിയുടെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നകാര്യം പരിഗണിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖാന്തിരം എറണാകുളം ജില്ലയിൽ ഒരു അലങ്കാര മത്സ്യപാർക്ക് (ഉല്പാദന വിപണന കേന്ദ്രം) ആരംഭിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട 23 യുവതി യുവാക്കൾക്ക് പ്രായോഗിക പരിശീലനത്തിനുശേഷം, പാർക്കിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് അലങ്കാര മത്സ്യ ഉല്പാദനവും വിപണനവും ഒരു സ്വയം തൊഴിൽ എന്ന രീതിയിൽ നടത്തുന്നതാണ്.

കൂടാതെ മത്സ്യഫെഡ്, മാനവ വികസന മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ 48 ലക്ഷം രൂപ മുടക്കി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലായി 600 വനിതാ മത്സ്യത്തൊഴിലാളികൾക്ക് അലങ്കാര മത്സ്യക്കൃഷി ഒരു സ്വയം തൊഴിലായി സ്വീകരിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കിവരുന്നു.

സുനാമി ദുരന്തത്തിന്റെ ഫലമായുണ്ടായ ആശങ്ക അകറ്റാൻ നടപടി

126 [1844] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തീരക്കടലിലെയും ആഴക്കടലിലെയും മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും സ്വാഭാവിക വളർച്ചയ്ക്കും പ്രജനനത്തിനും സുനാമി ദുരന്തത്തിനുശേഷം മാറ്റം വന്നതായി പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ടോ ;

(ബി) സുനാമി ദുരന്തത്തിനുശേഷം ഈ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്ക അകറ്റുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സുനാമി ദുരന്തം കേരളത്തിലെ തീരക്കടലിലെയും ആഴക്കടലിലെയും ആവാസ വ്യവസ്ഥയേയും മത്സ്യങ്ങളുടെ സ്വാഭാവിക വളർച്ചയേയും ബാധിച്ചിട്ടില്ല എന്ന് കേന്ദ്ര സമുദ്രോല്പാദന ഗവേഷണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) സുനാമിക്കുശേഷം ഈ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കയകറ്റുന്നതിനും കടൽമത്സ്യം ഭക്ഷ്യയോഗ്യമെന്ന് തെളിയിക്കുന്നതിനും ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. മത്സ്യ ഗവേഷണ രംഗത്തെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയുണ്ടായി. സുനാമി സംബന്ധിച്ച മുന്നറിയിപ്പ് നൽകുന്നതിനും അത് നേരിടുന്നതിനുമുള്ള ആക്ഷൻ പ്ലാൻ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രം തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly